**കേരള കാർഷിക സർവ്വകലാശാല**
**വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ**
**ഫോൺ: 0487 2699087**

നമ്പർ. ബി.ആർ.എസ്(3) 960/03 തിയ്യതി: 27/05/2025

## ക്വട്ടേഷൻ നോട്ടീസ്

കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ ഒരു വർഷത്തേയ്ക്ക് സ്റ്റേഷനിലെ ഔദ്യോഗിക ആവശ്യങ്ങൾക്കും, ഗവേഷകരുടെ യാത്രകൾക്കും 1500 CC യ്ക്ക് താഴെയും മുകളിലും ഉള്ള ലൈറ്റ് മോട്ടോർ വാഹനം വാടകയ്ക്ക് നൽകുന്നതിന് താൽപ്പര്യം ഉള്ളവരിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

### ക്വട്ടേഷൻ സംബന്ധിച്ച മറ്റ് വിവരങ്ങൾ

- ക്വട്ടേഷൻ കവറിനുപുറത്ത് എഴുതേണ്ടത് **"1500 CC താഴെയും മുകളിലും ഉള്ള ലൈറ്റ് മോട്ടോർ വാഹനം വാടകയ്ക്ക് ഓടുന്നതുനുള്ള ക്വട്ടേഷൻ"**
- ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തിയ്യതി, സമയം : 12/06/2025, 2.30 പി.എം.
- ക്വട്ടേഷൻ തുറക്കുന്ന തിയ്യതി, സമയം : 12/06/2025, 3.00 പി.എം.
- ക്വട്ടേഷൻ അയയ്ക്കേണ്ട വിലാസം പ്രൊഫസർ & ഹെഡ്, വാഴ ഗവേഷണ കേന്ദ്രം, പി. ഒ. കണ്ണാറ, മാരായ്ക്കൽ, തൃശ്ശൂർ – 680 652.

### നിബന്ധനകൾ

- 1500 CC യ്ക്ക് താഴെയും മുകളിലും ഉള്ള ലൈറ്റ് മോട്ടോർ വാഹനം മിനിമം നിരക്കിൽ എത്ര കിലോമീറ്റർ ഓടുമെന്ന വിവരവും, തുടർന്നുള്ള ഒരു കിലോമീറ്ററിന് വരുന്ന നിരക്കും ക്വട്ടേഷനിൽ വെവ്വേറെ കാണിക്കേണ്ടതാണ്.
- മറ്റേതെങ്കിലും ചാർജ്ജ് കൂട്ടതലായി ബാധകമാണെങ്കിൽ ആയ വിവരം ക്വട്ടേഷനിൽ കാണിച്ചിരിക്കണം (ഉദാ: വെയിറ്റിംഗ് ചാർജ്ജ്/ദിവസ വാടക/ബാറ്റ മുതലായവ)
- ഏതു വാഹനമാണ് ഉപയോഗിക്കുവാൻ നൽകുന്നത് എന്ന് കാണിക്കേണ്ടതാണ്.
- ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ ലൈസൻസിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.
- മാസത്തിൽ ഒരിക്കൽ ആണ് വൗച്ചർ/ഇൻവോയ്സ് സമർപ്പിക്കേണ്ടത്. യാതൊരു കാരണവശാലും മുൻകൂർ പണം അനുവദിക്കുന്നതല്ല.
- സ്ഥാപനത്തിൽ നിന്ന് ആരംഭിക്കുമ്പോഴുള്ള കിലോമീറ്ററാണ് ദൂരത്തിന് പരിഗണിക്കപ്പെടുക.
- വാഹനം വാടകയ്ക്ക് നൽകുന്ന ആൾ യാത്ര പോകുമ്പോൾ ചെലവ് വരുന്ന ടോൾ, പെർമിറ്റ്, പാർക്കിങ്ങ് ചാർജ്ജുകൾ യാത്രാവേളയിൽ സ്വന്തമായ് വഹിക്കേണ്ടതും മാസത്തിലൊരിക്കെ ബില്ല് സമർപ്പിക്കുമ്പോൾ ബില്ലിനോടൊപ്പം സമർപ്പിച്ച കാശ് കൈപ്പറ്റേണ്ടതാണ്.
- പ്രസ്തുത ജോലി ഏറ്റെടുക്കുന്ന ആൾക്കോ, വാഹനത്തിനോ ജോലിക്കിടയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ, കേരള കാർഷിക സർവ്വകലാശാലയ്ക്ക് യാതൊരുവിധ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.
- ക്വട്ടേഷന് 12/06/2026 11.59 പി.എം. വരെ കാലാവധി ഉണ്ടായിരിക്കുന്നതാണ്.

## മറ്റ് നിബന്ധനകൾ

* നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.
* ക്വട്ടേഷനുകൾ നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കി അയയ്ക്കേണ്ടതാണ്.
* ക്വട്ടേഷൻ സമർപ്പിച്ചവർക്ക് ഒരിക്കൽകൂടി അവസരം ലഭിക്കുന്നതിന് അപ്പോൾ ഹാജരുള്ള ക്വട്ടേഷൻകാരെ മാത്രം ഉൾപ്പെടുത്തി അന്നേദിവസം ആവശ്യമെങ്കിൽ ലേലം നടത്തുന്നതാണ്.
* ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്.
* യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.
* ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ അനുസരിച്ച് സമയബന്ധിതമായി വാഹനങ്ങൾ ഓഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം, തക്കതായ നടപടികൾ സ്വീകരിക്കുന്നതുമാണ്.
* സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനു ബാധകമാണ്.
* ക്വട്ടേഷൻ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാതടസ്സം ഉണ്ടാകുകയോ ചെയ്താൽ, തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ 11.30 ന് ക്വട്ടേഷൻ തുറക്കുന്നതാണ്.

ക്വട്ടേഷൻ സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ വാഴ ഗവേഷണ കേന്ദ്രവുമായി നേരിട്ടോ, 0487-2699087 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

ഒപ്പ്/-
**ഡോവിമി ലൂയിസ്.**
**പ്രൊഫസർ &ഹെഡ്**

പകർപ്പ്: 1. നോട്ടീസ് ബോർഡ്
2. ലോക്കൽ സർക്കുലേഷൻ
3. ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ് (സർവ്വകലാശാല ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
4. ഫയൽ/കരുതൽ ശേഖരം